**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 821** **10-06-2021 - ൽ മറുപടിയ്ക്ക്**

**ചേർപ്പുങ്കൽ പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | ചേർപ്പുങ്കൽ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിപ്പോകാൻ ഇടയായ സാങ്കേതിക പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | ചേർപ്പുങ്കൽ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടത് പരിഹരിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. |
| (ബി) | പൊതുമരാമത്ത് വകുപ്പിന്റെ ഡിസൈൻ അംഗീകരിച്ച ശേഷം സ്പാനിന്റെ ക്വാണ്ടിറ്റി നിർണ്ണയിച്ചതിലെ അപാകത പരിഹരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് എന്ത് മാർഗ്ഗനിർദ്ദേശമാണ് നൽകിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | സ്പാനിന്റെ ക്വാണ്ടിറ്റി പരിഷ്കരിച്ച് പുതുക്കിയ എസ്റ്റിമേറ്റ് അംഗീകാരത്തിനായി 04/01/2021, 22/1/2021 എന്നീ തീയതികളിൽ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ എഗ്രീഡ് അളവുകളേക്കാൾ 25 ശതമാനം അധികരിച്ച ഇനങ്ങൾക്ക് കരാറുകാരന്റെ ക്വാട്ടഡ് നിരക്ക് (എഗ്രീഡ് നിരക്ക്) ലോക്കൽ മാർക്കറ്റ് നിരക്കിനേക്കാൾ അധികമായതിനാൽ കരാറുകാരന്റെ അപേക്ഷ നിരസിക്കുകയുണ്ടായി. |
| (സി) | ഇതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട കോടതി ഉത്തരവുകൾ നിലവിലുണ്ടെങ്കിൽ ഉത്തരവിൻ പ്രകാരമുള്ള നിർദ്ദേശങ്ങളും പരിശോധനകളും സർക്കാർ നടപ്പാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | ഈ പ്രവൃത്തിയുടെ കരാറുകാരൻ ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No. 8492/2021(M) നമ്പർ ഹർജിയിലെ വിധിയുടെ അടിസ്ഥാന-ത്തിൽ പരാതിക്കാരനെ 15.06.2021 തീയതി നേരിട്ട് കേൾക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ